"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കാസർഗോഡ് നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.പ്രേംനാഥ്.കെ. ആർ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1363/2023 നമ്പർ കേസിലെ 21.07.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2032/2023/LSGD തീയതി,തിരുവനന്തപുരം, 16-10-2023

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീ.പ്രേംനാഥ്.കെ. ആർ, സർക്കാരിൽ സമർപ്പിച്ച 18.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ(അനക്ഷർ എ7 )
3. ശ്രീ.പ്രേംനാഥ്.കെ. ആർ, ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ 1363/2023 നമ്പർ കേസിലെ 21.07.2023 തീയതിയിലെ ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.10.2023 തീയതിയിലെ LSGD/PD/53041/2023-DEB5 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി കാസർഗോഡ് നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.പ്രേംനാഥ്.കെ. ആർ, സമർപ്പിച്ച പരാമർശം 2 അപ്പീൽ (അനക്ഷർ 7) പ്രകാരം, തന്നെ കാസർകോട് മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റിയ ഉത്തരവ് റദ്ദാക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.പ്രേംനാഥ്.കെ. ആർ, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1363/2023 നമ്പർ കേസിലെ 21.07.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകന്റെ അനക്ഷർ എ 7 അപ്പീൽ അപേക്ഷ പരിഗണിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ.പ്രേംനാഥ്.കെ. ആർ സമർപ്പിച്ച അനക്ഷർ എ 7 അപ്പീൽ അപേക്ഷ പ്രകാരം, കൊല്ലം ജില്ലക്കാരനും പട്ടികജാതി സമുദായത്തിൽ (എസ്‌സി-പുലയ) അംഗവുമായ താൻ 31.05.2024-ന് സേവനത്തിൽ നിന്ന് വിരമിക്കുന്നതാണ് എന്നും കൊല്ലം കോർപ്പറേഷനിൽ സേവനമനുഷ്ഠിച്ചിരുന്ന തന്നെ പൊതു സ്ഥലം മാറ്റത്തിൽ കാസർകോട് മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റിയതായും അറിയിക്കുന്നു. 2017 മുതൽ കഠിനമായ ഹൃദയ സംബന്ധമായ

അസുഖങ്ങൾ, ഡയബറ്റിസ് മെലിറ്റസ്, ബ്രോങ്കിയൽ ആസ്ത്മ, സിസ്റ്റമിക് ഹൈപ്പർടെൻഷൻ മുതലായവയ്ക്ക് തുടർച്ചയായി ചികിത്സയിലാണ് എന്നും, 12/11/2019 നും 11/06/2021 നും കൊല്ലം റഹീം മെമ്മോറിയൽ ഗവ.ജില്ലാ ആശുപത്രിയിൽ രണ്ട് തവണ ആൻജിയോപ്ലാസ്റ്റിക്ക് വിധേയനായിട്ടുള്ളതായും. 2017 മുതൽ കൊല്ലം ജില്ലാ ആശുപത്രിയിൽ മാനസിക രോഗത്തിന് ചികിൽസയിലുള്ള ഭാര്യ തന്നോടൊപ്പം കൊല്ലം കൊട്ടിയത്ത് താമസിക്കുന്നതായും അറിയിക്കുന്നു. വിരമിക്കലിന് 10 മാസത്തെ സേവനം മാത്രമേ അവശേഷിക്കുന്നുള്ളൂ എന്ന വസ്തുതയുടെയും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളാലും അനുകമ്പാർഹമായ കാരണങ്ങളാലും തന്റെ സ്വന്തം ജില്ലയായ കൊല്ലത്ത്, കൊല്ലം കോർപ്പറേഷനിലോ കൊല്ലം ജില്ലയിലെ സൗകര്യപ്രദമായ ഏതെങ്കിലും സ്റ്റേഷനിലോ നിയമനം ലഭിക്കാൻ അർഹതയുള്ളതായും അറിയിക്കുന്നു. ആയതിനാൽ പ്രിൻസിപ്പൽ ഡയറക്ടറുടെ 03/07/2023-ലെ ഉത്തരവ് പ്രകാരമുള്ള കാസർകോട് മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റം റദ്ദാക്കി കൊല്ലം കോർപ്പറേഷനിലോ കൊല്ലം ജില്ലയിലെ സൗകര്യപ്രദമായ മറ്റേതെങ്കിലും സ്റ്റേഷനിലോ സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം,കൊല്ലം കോർപ്പറേഷനിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.പ്രേംനാഥ്.കെ. ആറിനെ 01.02.2023 തീയതിയിലെ DUA-4453/22-E5 നമ്പർ ഉത്തരവ് പ്രകാരം കൊല്ലം കോർപ്പറേഷനിൽ തന്നെ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയി പ്രൊമോഷൻ നൽകി നിയമിച്ചിരുന്നതായും, ടി ഉത്തരവിൽ മേൽ ഉദ്യോഗക്കയറ്റ നിയമനം പൊതുസ്ഥലംമാറ്റ ക്യൂ ലിസ്റ്റ് പ്രകാരം പുന:പരിശോധനയക്ക് വിധേയമായിരിക്കുമെന്ന് പരാമർശിച്ചിരുന്നതായും അറിയിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായും ഓൺലൈൻ മുഖേനയാണ് നടത്തിയിട്ടുള്ളത് എന്നും അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽതന്നെ അനുകമ്പാർഹത, റിട്ടയർമെന്റ് ,പട്ടികജാതി വിഭാഗം എന്നിവയ്ക്ക് മുൻഗണന കിട്ടുന്നതിന് ഓൺലൈൻ ആയി തന്നെ അപേക്ഷ സമർപ്പിക്കാവുന്നതായിരുന്നു. ആയത് പരിശോധിച്ച് അനുകമ്പാർഹത, പട്ടികജാതി വിഭാഗം ഉൾപ്പെടെയുള്ള പ്രയോറിറ്റികൾ റിട്ടയർമെന്റ് പ്രയോറിറ്റി, എന്നിവക്ക് പ്രത്യേക ക്യൂ ലിസ്റ്റ് തയ്യാറാക്കി ഉത്തരവ് മാനദണ്ഡങ്ങൾ പാലിച്ചാണ് പൊതുസ്ഥലംമാറ്റം നടത്തപ്പെട്ടത് എന്നും എന്നാൽ ഓൺലൈൻ അപേക്ഷ പരിശോധിച്ചതിൽ ശ്രീ.പ്രേംനാഥ്.കെ.ആർ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ലായെന്നും മേൽ സാഹചര്യത്തിലാണ് ജൂനിയർ കംപൽസറിയായി കണക്കാക്കി ശ്രീ.പ്രേംനാഥ്.കെ. ആറിനെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ കാസർഗോഡ് മുസിപ്പാലിറ്റിയിലേക്ക് മാറ്റിയതെന്ന വിവരം അറിയിക്കുന്നു. ടി സ്ഥലംമാറ്റത്തിനെതിരെയാണ് ടിയാൻ ഒ.എ. 1363/23 സമർപ്പിച്ചിട്ടുള്ളത്. ടിയാന്റെ റിട്ടയർമെന്റ് കാലാവധി,അസുഖം, എന്നിവ പരിഗണിച്ച് കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണമെന്നാണ് ശ്രീ.പ്രേംനാഥ്.കെ. ആറിന്റെ ആവശ്യം എന്നും എന്നാൽ കൊല്ലം ജില്ലയിലേക്ക്, ജില്ലക്ക് പുറത്ത് നിന്നുള്ള സീനിയർ പബ്ലിക് ഹെൽത്ത് ഇൻപെക്ടർ ഗ്രേഡ്: 2 തസ്തികയിലെ സ്ഥലംമാറ്റത്തിനായുള്ള ക്യൂ ലിസ്റ്റിൽ നിലവിൽ 15 പേർ അവശേഷിക്കുന്ന വിവരവും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം ശ്രീ.പ്രേംനാഥ്.കെ. ആർ. -ന്റെ അപ്പീൽ അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ.പ്രേംനാഥ്.കെ. ആർ. 2018 മുതൽ കൊല്ലം കോർപ്പറേഷനിൽ സേവനത്തിൽ

തുടർന്നുവരികയായിരുന്നു. ശ്രീ.പ്രേമനാഥ്.കെ.ആർ പൊതുസ്ഥലംമാറ്റഅപേക്ഷ സമർപ്പിച്ചതായി കാണാത്തതിനാലാണ് പൊതുസ്ഥലംമാറ്റ ഉത്തരവിൽ ടിയാനെ കാസർഗോഡ് മുസിപ്പാലിറ്റിയിലേക്ക് മാറ്റിയിരുന്നത്. ടിയാന്റെ അനുകമ്പാർഹത, പട്ടികജാതി വിഭാഗം ഉൾപ്പെടെയുള്ള പ്രയോറിറ്റികൾ, റിട്ടയർമെന്റ് പ്രയോറിറ്റി, എന്നിവ ചേർത്ത് സ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിൽ അപ്രകാരമുള്ള ക്യൂ ലിസ്റ്റിൽ ഉൾപ്പെടുത്തി സ്ഥലംമാറ്റത്തിന് മുൻഗണന ലഭ്യമാകുമായിരുന്നു.

5. മേൽ വിഷയം തദ്ദേശ സ്വയംഭരണ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ പരിശോധിക്കുന്നതിന് രൂപീകരിച്ച അപ്പീൽ കമ്മിറ്റിയുടെ 11.10.2023തീയതിയിലെ യോഗത്തിൽ പരിശോധിച്ചു, അതിൻപ്രകാരം ശ്രീ.പ്രേംനാഥ്.കെ.ആർ 31.05.2024-ന് സേവനത്തിൽ നിന്ന് വിരമിക്കുന്നതാണ് എന്നതിനാലും, ആരോഗ്യപരമായ കാരണങ്ങളാലും മാനുഷിക പരിഗണനനൽകി ടിയാന് കൊല്ലം ജില്ലയിൽ നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിന് അപ്പീൽ കമ്മിറ്റി ശുപാർശ ചെയ്തിരുന്നു.

6. മേൽ സാഹചര്യത്തിൽ ശ്രീ.പ്രേംനാഥ്.കെ.ആർ-ന്റെ അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഗണിച്ച് ടിയാന് കൊല്ലം ജില്ലയിൽ നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ ഒ.എ 1363/2023 നമ്പർ കേസിലെ 21.07.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
ശ്രീ.പ്രേംനാഥ്.കെ.ആർ, സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 , കാസർഗോഡ് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 16-10-2023 14:43:21
സെക്ഷൻ ഓഫീസർ